# കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ – അധിക മാർഗ്ഗരേഖ – അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ(എ)വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ 41/2002/പ്ലാനിംഗ് തിരുവനന്തപുരം, 2002, സെപ്റ്റംബർ, 30.

പരാമർശം:– 6–6–2002 ലെ (എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. തദ്ദേശഭരണ സ്ഥാപനങ്ങളിലെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖയിൽ ചില ഇനങ്ങൾ കൂടി ചേർക്കേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി നിർദ്ദേശിക്കുകയുണ്ടായി.

3. കോർഡിനേഷൻ സമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് ഈ ഗവൺമെന്റ് ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അധിക മാർഗ്ഗരേഖകൾ കൂടി അംഗീകരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ് .എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (റൂറൽ)
6. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (അർബൻ)
7. ഗവൺമെന്റ് സെക്രട്ടറി, വിവര സാങ്കേതിക വകുപ്പ്
8. ഗവൺമെന്റ് സെക്രട്ടറി, പട്ടികജാതി / പട്ടികവർഗ്ഗ വികസനം
9. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

11. ഡയറക്ടർ, പട്ടികജാതി വികസനം
12. ഡയറക്ടർ, പട്ടികവർഗ്ഗ വികസനം
13. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (അടിയന്തര പത്രക്കുറിപ്പിന്)
14. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
16. മാനേജിംഗ് ഡയറക്ടർ, സെറിഫെഡ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
18. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർ പേഴ്സൺമാർക്കും
19. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
20. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
21. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
22. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
23. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
24. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
25. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
26. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എ.യ്ക്ക്
6. മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
7. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
8. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
9. തദ്ദേശസ്വയംഭരണ വകുപ്പ്
10. ഗ്രാമ വികസന വകുപ്പ്
11. ആസൂത്രണ വകുപ്പ്

അനുബന്ധം

തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് അധിക മാർഗ്ഗരേഖകൾ

1. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ജീവനക്കാർക്കും കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് ആവശ്യമായ ചെലവ് ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിക്കുന്ന നിരക്കുപ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതാണ്.
2. കമ്പ്യൂട്ടർ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കെഡസ്ട്രൽ മാപ്പ് ഇൻഫർമേഷൻ കേരള മിഷന്റെ ചുമതലയിൽ ഡിജിറ്റൈസ് ചെയ്യുന്നതാണ്. ഭൂപടങ്ങൾ ഡിജിറ്റൈസ് ചെയ്ത് അച്ചടിക്കുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.
3. ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഏർപ്പെടുത്തുന്ന വെബ് സൈറ്റി (Website) ന്റെ വരി സംഖ്യ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് ചെലവാക്കാവുന്നതാണ്. വാർഷിക നിരക്കുകൾ താഴെ കൊടുക്കുന്നു.

| തദ്ദേശ ഭരണ സ്ഥാപനം | വാർഷിക വരി സംഖ്യ (രൂപ) |
|---|---|
| 1. ഗ്രാമ പഞ്ചായത്തുകൾ | 1500 |
| 2. ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | 3000 |
| 3. ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | 6000 |

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ കമ്പ്യൂട്ടറിൽ ഡേറ്റാ എൻട്രി ചെയ്യുന്നതിന് ആവശ്യമായ തുക പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്താവുന്നതാണ്. റിക്കാർഡുകൾ കമ്പ്യൂട്ടറിൽ ശേഖരിക്കുന്ന ജോലി (Data Entry Works) 'കുടുംബശ്രീ' യുടെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ നടത്തുന്ന കമ്പ്യൂട്ടർ യൂണിറ്റുകളെ ഏൽപ്പിക്കാവുന്നതാണ്. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ യൂണിറ്റുകൾ ഇല്ലാത്തിടങ്ങളിൽ വിവര സാങ്കേതിക വകുപ്പിന്റെ അംഗീകാരമുള്ള യൂണിറ്റുകൾക്ക് ആ ചുമതല നൽകാവുന്നതാണ്.
5. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തുക, സ്റ്റേഡിയം നിർമ്മിക്കുക, കായിക പരിശീലന സ്ഥാപനങ്ങളിലെ (Sports Centres) സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയ്ക്കുള്ള പ്രോജക്ടുകൾ സേവന മേഖലയിൽ ഏറ്റെടുക്കാവുന്നതാണ്.
6. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിയമ സാക്ഷരതാ പരിപാടി ഗവൺമെന്റ് ഹൈസ്കൂളുകളിലെ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് നടപ്പാക്കുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും

ഉൾപ്പെടുത്താവുന്നതാണ്. അതിനു വേണ്ടി വരുന്ന യഥാർത്ഥ ചെലവ്, ഒരു സ്കൂളിലേയ്ക്ക് 3000 രൂപ എന്ന പരിധിക്ക് വിധേയമായി, ഗ്രാമപഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് തുല്യ വിഹിതങ്ങളായി വകയിരുത്താവുന്നതാണ്.

7. 'ലക്ഷം വീട് പരിപാടി ' പ്രകാരമുള്ള വീടുകൾ പുനരുദ്ധരിക്കുന്നതിനോ അറ്റകുറ്റപ്പണി ചെയ്യുന്നതിനോ പുനർ നിർമ്മാണത്തിനോ ഉള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പേറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്.

(a) ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി ചുവടെ സൂചിപ്പിക്കുന്നു:

| ഇനം | തുക (രൂപ) |
|---|---|
| 1. പുനരുദ്ധാരണമോ അറ്റകുറ്റപ്പണിയോ മാത്രം | |
| (i) പൊതു വിഭാഗം | 5000 |
| (ii) പട്ടികജാതി/പട്ടിക വർഗ്ഗ വീടുകൾ | 10000 |
| 2. ഗുണമേന്മ വർദ്ധന (മേൽക്കൂര മാറ്റുക) | 7500 |

(b) നിലവിലുള്ള വീട് പുതുക്കിപ്പണിയാൻ കഴിയാത്തതാണെങ്കിൽ, ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് ബാധകമായ മുൻഗണനാ ലിസ്റ്റ് പ്രകാരം ആ കുടും*ബം* അർഹിക്കുന്നുവെങ്കിൽ അവർക്ക് പുതിയ വീട് അനുവദിക്കാവുന്നതാണ്.

8. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങളിലെ വനിതകളുടെ വിവാഹ ധനസഹായമായി, ഒരു കുടുംബത്തിന് പരമാവധി 5000 രൂപ എന്ന പരിധിക്ക് വിധേയമായി, പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്ന് നൽകാവുന്നതാണ്.

9. ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തമിഴ്, കന്നട ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതിയിലെയും പട്ടികവർഗ്ഗത്തിലെയും വിദ്യാർത്ഥികളെ, സമർത്ഥരായ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസ പരിപാടി അനുസരിച്ച്, തമിഴ്നാട്ടിലെയോ കർണ്ണാടകത്തിലെയോ പ്രശസ്തമായ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

10. പൊതു ആവശ്യങ്ങൾക്ക് വൈദ്യുതി വിതരണം ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടുകൾ സേവന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. (ഗാർഹിക കണക്ഷൻ/സർവ്വീസ് കണക്ഷൻ ന്ലകുന്നതിനുള്ള ലൈൻ എക്സ്റ്റൻഷൻ അനുവദിക്കാവുന്നതല്ല).

11. കേന്ദ്രാവിഷ്കൃത പരിപാടികളുടെ 2002–2003 ലേയ്ക്കുള്ള വാർഷിക ആക്ഷൻ പ്ലാനുകൾ (Annual Action Plans) ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.

12. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ചുവടെയുള്ള നിർദ്ദേശങ്ങൾ പ്രകാരം സ്ഥലപര ആസൂത്രണത്തിന് (Spatial Planning) ഊന്നൽ നൽകേണ്ടതാണ്.

(i) വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ടുകളിൽ സ്ഥലപര ആസൂത്രണ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താവുന്നതും പ്രോജക്ടുകളുടെ സ്ഥല നിർണയം നടത്താവുന്നതുമാണ്.

(ii) ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും കരട് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലപര പ്രശ്നങ്ങളെ സംബന്ധിച്ച ഒരു സംയോജിത രേഖ (Integrated Document on Spatial Issues) തയ്യാറാക്കാവുന്നതാണ്. ഈ രേഖയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ആവശ്യങ്ങളും അവയുടെ മുൻഗണനകളും വ്യക്തമാക്കേണ്ടതാണ്.

(iii) ഓരോ തദ്ദേശ ഭരണ സ്ഥാനപനത്തിലും സ്ഥലപര പ്രശ്നങ്ങളെ സംബന്ധിച്ച രേഖ തയ്യാറാക്കുന്നതിന് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സ്പേഷ്യൽ ഇന്റഗ്രേഷൻ സമിതി രൂപീകരിക്കുന്നത് അഭികാമ്യമാണ്.

(iv) ജില്ലാ ടൗൺ പ്ലാനറെയൊ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഒരു സാങ്കേതിക ഉദ്യോഗസ്ഥനെയൊ സ്ഥലപര ആസൂത്രണത്തിൽ പ്രത്യേക പരിശീലനം നൽകിയ ഒരുദ്യോഗസ്ഥനെയൊ സ്പേഷ്യൽ ഇന്റഗ്രേഷൻ സമിതിയുടെ കൺവീനറായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(v) ഈ രേഖ വികസന സെമിനാറുകളിൽ ചർച്ചക്ക് അവതരിപ്പിക്കാവുന്നതാണ്.

(vi) ഓരോ ജില്ലയിലും ഒരു ഗ്രാമ പഞ്ചായത്തിന്റെയും ഒരു നഗരസഭാ സ്ഥാപനത്തിന്റെയും സ്ഥലപര ആസൂത്രണ പൈലറ്റ് പ്രോജക്ടുകൾ ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ തയ്യാറാക്കുന്നതാണ്. പൈലറ്റ് പ്രോജക്ടുകൾ തയ്യാറാക്കേണ്ട ഗ്രാമ പഞ്ചായത്തും നഗരസഭാ സ്ഥാപനവും ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കുന്നതാണ്.

(vii) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും സ്ഥലപര പ്രശ്നങ്ങളെ സംബന്ധിച്ച രേഖ തയ്യാറാക്കുന്നതിനുള്ള പരിശീലനം ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർമാർ നൽകേണ്ടതാണ്.

(viii) വിവിധ വികസന മേഖലയിലെ മുൻഗണനകൾ തമ്മിലും ത്രിതല പഞ്ചായത്തുകളുടെയും നഗരസഭാ സ്ഥാപനങ്ങളുടെയും പദ്ധതി നിർദ്ദേശങ്ങൾ സംയോജിപ്പിച്ചും ജില്ലാ പദ്ധതി നവീകരിക്കുന്നതിനുള്ള കോർ കമ്മിറ്റിക്ക് സ്ഥലപര പ്രശ്നങ്ങളെ സംബന്ധിച്ച ജില്ലാതല ഇന്റഗ്രേഷൻ സമിതിയായി പ്രവർത്തിക്കാവുന്നതാണ്. ജില്ലാ ടൗൺ പ്ലാനറെ സമിതിയുടെ കൺവീനർ ആയി നിശ്ചയിക്കാവുന്നതാണ്.

13. കേരള സംസ്ഥാന സെറികൾച്ചർ സഹകരണ ഫെഡറേഷന്റെ (സെറിഫെഡ്) സാങ്കേതിക സാമ്പത്തിക സഹകരണത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മൾബറി കൃഷിയും കൊക്കൂൺ ഉൽപാദനവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. 2002–2003 വാർഷിക പദ്ധതിയിൽ 125 ഗ്രാമ പഞ്ചായത്തുകളിലെ 40 ക്ലസ്റ്ററുകളിൽ ഈ പരിപാടി നടപ്പാക്കുകയെന്നതാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾ ചുവടെ നൽകുന്നു:–

(i) 5000 ചുവട് മൾബറി കൃഷി ചെയ്യുന്ന ഒരു സ്റ്റാൻഡേർഡ് ഏക്കർ യൂണിറ്റിന്റെ പ്രോജക്ടാണ് അഭികാമ്യം. എങ്കിലും 25 സെന്റ്, 50 സെന്റ്, ഒരേക്കർ എന്നീ യൂണിറ്റുകൾക്കും പ്രോജക്ടുകൾ പരിഗണിക്കാവുന്നതാണ്..

(ii) 2002–2003–ൽ ഏറ്റവും കുറഞ്ഞത് 10 ഏക്കർ സ്ഥലത്ത് മൾബറി കൃഷിക്ക് സാദ്ധ്യതയുള്ള ഗ്രാമ പഞ്ചായത്തുകൾ മാത്രമെ ഈ പ്രോജക്ട് ഏറ്റെടുക്കേണ്ടതുള്ളൂ.

(iii) ഒരു ഗുണഭോക്താവിന് ഒരു സ്റ്റാൻഡേർഡ് ഏക്കർ സ്ഥലത്ത് 5000 ചുവട് മൾബറി ചെടികൾ നട്ടുവളർത്തുന്നതിന്– പരമാവധി 12,500 രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് സബ്സിഡി നൽകാവുന്നതാണ്. ഒരു ഗുണഭോക്താവ് മൾബറി കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഒരു സ്റ്റാൻഡേർഡ് ഏക്കറിൽ കുറവാണെങ്കിൽ, മൾബറി കൃഷി ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി സബ്സിഡി നിരക്കിൽ കുറവ് വരുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകാവുന്ന സബ്സിഡി നിരക്ക് ചുവടെ സൂചിപ്പിക്കുന്നു.

| ഇനം | തുക (രൂപ) |
|---|---|
| a. പുഴുവളർത്തുപകരണങ്ങൾ<br>(ഒരേ സമയം 200 ഡി.എഫ്.എൽ.. വീതം വളർത്തുന്നതിന്) | 7500 |
| b. പുഴുവളർത്ത് പുര നിർമ്മാണം<br>(തറ വിസ്തീർണ്ണം : 800 ച.അടി) | 5000 |
| ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ആകെ സബ്സിഡി | 12,500 |

കൂടാതെ സെൻട്രൽ സിൽക്ക് ബോർഡും സെറിഫെഡും 15,185 രൂപ വീതം സബിസിഡിയായി നൽകുന്നതാണ്.

(iv) വ്യക്തികളും മൾബറി കർഷക സഹകരണ സംഘങ്ങളിലെ അംഗങ്ങളും ആയ ചെറുകിട–നാമമാത്ര കർഷകർക്ക് മാത്രം സബ്സിഡി നിജപ്പെടുത്തുന്നതാണ്. സ്വന്തമായ സ്ഥലത്തോ ഭൂമി പാട്ടത്തിനെടുത്തോ മൾബറി കൃഷി ചെയ്യുന്ന ചെറുകിട–നാമമാത്ര കർഷകർ സബ്സിഡിക്ക് അർഹരാണ്. എന്നാൽ ഒരേക്കറിൽ നിന്ന് 200 കിലോ കൊക്കോൺ (അല്ലെങ്കിൽ മൾബറി കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി) ഉൽപാദിപ്പിക്കുന്ന കർഷകർ മാത്രമെ സബ്സിഡിക്ക് അർഹരാകുകയുള്ളൂ.

(v) കൊക്കൂൺ ഉൽപാദനം ആരംഭിച്ചതിനു ശേഷം മാത്രമെ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള സബ്സിഡി വിതരണം ചെയ്യുകയുള്ളൂ.

(vi) സെറിഫെഡിന്റെ സാങ്കേതിക ഉപദേശം അനുസരിച്ച് മൾബറി കൃഷിയും കൊക്കൂൺ ഉൽപാദനവും നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ

നിബന്ധനകളും പാലിച്ചിട്ടുണ്ട് എന്ന് സെറിഫെഡ് നിയോഗിച്ചിട്ടുള്ള നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ സബ്സിഡി വിതരണം ചെയ്യേണ്ടതുള്ളൂ.

****